പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1273 20/01/2014 ൽ മറുപടിയ്ക്ക്

## ഭൂമി തട്ടിപ്പ് കേസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ബാലൻ<br>ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. എം. ചന്ദ്രൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ മുൻഗൺമാൻ സലിംരാജ് ഉൾപ്പെട്ട ഭൂമിതട്ടിപ്പ് സംബന്ധിച്ച പരാതിയിൽ വകുപ്പ്തലത്തിൽ അന്വേഷണം നടത്തിയിരുന്നോ; | (എ) നടത്തിയിരുന്നു. |
| (ബി) അന്വേഷണ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥൻ ആരായിരുന്നു; അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ; | (ബി) ബഹു.ഹൈക്കോടതി നിർദ്ദേശ പ്രകാരം റവന്യൂ വകുപ്പ് സെക്രട്ടറിയായിരുന്ന ശ്രീ.കമലവർദ്ധനറാവു. ഐ.എ.എസ്. നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് ബഹു. ഹൈക്കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ആയത് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതാണ്. |
| (സി) അന്വേഷണറിപ്പോർട്ടിൽ കുറ്റക്കാരായി കണ്ടെത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമായിരുന്നു; ഇവരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) മുഖ്യമന്ത്രിയുടെ മുൻ ഗൺമാൻ ആയിരുന്ന ശ്രീ.സലിംരാജ് ഉൾപ്പെട്ട, കണയന്നൂർ താലൂക്കിലെ തൃക്കാക്കര നോർത്ത് വില്ലേജിലെ, ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം റവന്യൂ വകുപ്പ് സെക്രട്ടറി നടത്തിയ അന്വേഷണത്തിൽ ശ്രീ.എം.പ്രസന്നകുമാർ, അസിസ്റ്റന്റ് കമ്മീഷണർ (എൽ.ആർ), ശ്രീ.വി.എം.മുഹമ്മദ് ബഷീർ, ഡെപ്യൂട്ടി കളക്ടർ (എൽ.ആർ), എറണാകുളം ശ്രീമതി.കൃഷ്ണകുമാരി സി.ആർ, അഡീഷണൽ തഹസീൽദാർ, കണയന്നൂർ, ശ്രീമതി.ബി.ജയശ്രീ, ജൂനിയർ സൂപ്രണ്ട്, ശ്രീ.സാബു.കെ.എസ്, |

വില്ലേജ് ഓഫീസർ, തൃക്കാക്കര നോർത്ത് വില്ലേജ് മുതലായവരെ കുറ്റക്കാരാണെന്ന് പരാമർശിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ടെത്തിയ തൃക്കാക്കര നോർത്ത് വില്ലേജ് ഓഫീസറായ ശ്രീ.കെ.എസ്.സാബുവിനെയും , കണയന്നൂർ അഡീഷണൽ തഹസീൽദാറായിരുന്ന ശ്രീമതി.കൃഷ്ണകുമാരിയെയും 12.12.13-ൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും അവശേഷിക്കുന്ന ശ്രീ.മുഹമ്മദ് ബഷീർ, ഡെപ്യൂട്ടി കളക്ടർ (എൽ.ആർ), ശ്രീ.എം.പ്രസന്നകുമാർ, റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം,ശ്രീമതി.ബി.ജയശ്രീ, ജൂനിയർ സൂപ്രണ്ട് എന്നിവർക്കെതിരെ വകുപ്പുതല അന്വേഷണത്തിന്റെ ഭാഗമായി കുറ്റപത്രം നൽകുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം താലൂക്കിലെ കടകംപള്ളി വില്ലേജിലെ ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട് ശ്രീ.വിദ്യോദയ കുമാർ മുൻ വില്ലേജ് ഓഫീസർ, ശ്രീ.അബ്ദുൾ ഗഫൂർ, മുൻ സ്പെഷ്യൽ വില്ലേജ് ഓഫീസർ, ശ്രീ.അജികുമാർ, മുൻ വില്ലേജ് അസിസ്റ്റന്റ് എന്നിവരെ നേരത്തേ തന്നെ തിരുവനന്തപുരം ജില്ലാ കളക്ടർ അച്ചടക്ക നടപടിക്ക് വിധേയരാക്കുകയും കഠിന ശിക്ഷ നൽകി എസ്5-72284/06 നമ്പർ നടപടിക്രമ പ്രകാരം നടപടി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ റവന്യൂ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരനെന്ന് കണ്ടെത്തിയ ശ്രീ.പി.എം.സുബ്രമണ്യം പിള്ള (മുൻ വില്ലേജ് ഓഫീസർ കടകംപള്ളി)യെ ലാന്റ് റവന്യൂ കമ്മീഷണറുടെ 19.12.13ലെ എൽ.ആർ.ഡി3-48665/13 നമ്പർ നടപടിക്രമം പ്രകാരം സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| (ഡി) ഭൂമിതട്ടിപ്പ് കേസ്സിൽ ബാഹ്യ ഇടപെടൽ ഉള്ളതായി അന്വേഷണ റിപ്പോർട്ടിൽ പരാമർശമുണ്ടോ; ഇക്കാര്യം പരിശോധിക്കുകയുണ്ടായോ; വിശദമാക്കാമോ; | (ഡി) റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്. |

(ഇ) ഭൂമിതട്ടിപ്പ് കേസ് പരിഗണിക്കവേ, ഹൈക്കോടതി സർക്കാരിനെതിരെ എന്തെങ്കിലും പരാമർശം നടത്തിയതായി അറിവുണ്ടോ; ആയതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ഉണ്ട്. മുൻ റവന്യൂ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് സർക്കാർ കോടതിയിൽ നൽകിയിട്ടുള്ള സത്യവാങ്മൂലത്തിന്റെ പകർപ്പ്, ലഭ്യമാക്കാമോ;

(എഫ്) സർക്കാർ സത്യ വാങ്മൂലം സമർപ്പിച്ചിട്ടില്ല.

(ജി) പ്രസ്തുത കേസിൽ തണ്ടപ്പേർ റദ്ദ് ചെയ്തതുമായി ബന്ധപ്പെട്ട് ഒരു മുൻ ലാന്റ് റവന്യൂ കമ്മീഷണർക്കെതിരെ ഹൈക്കോടതി രൂക്ഷ വിമർശനം നടത്തിയ കാര്യം അറിവുള്ളതാണോ; പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ജി) ഇക്കാര്യം പരിശോധിച്ച് വരുന്നു

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**